ஸ்ரீ. எ. சிதம்பரநாத நாடார்: இந்த மாதிரி அபேக்ஷை எந்த எம். எல். எயிடமிருந்து என்று சொல்லமுடியுமா?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ അപേക്ഷകൾ വന്നിട്ടില്ല.

ട്രാൻസ്പോർട്ട ബസ്സുകൾക്കു് ടാക്സു്

*൪൯൨. (൨൭) ശ്രീ. കോന്നാത്തു് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

സ്റ്റേറ ട്രാൻസ്പോർട്ട ബസ്സുകൾ പ്രൈവറ ബസ്സു് ഉടമകൾ അടയ്ക്കുന്ന പ്രകാരം സ്റ്റേററിനു ടാക്സു് കെട്ടുന്ന സംപ്രദായം ഉണ്ടോ?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഉണ്ടു്.

റയിൽവെ അഡൈവസറി ബോർഡു്

*൪൯൩. (൨൮) ശ്രീ. കോന്നാത്തു് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിലെ റയിൽവെ അഡൈവസറി ബോർഡു് മെംബറായി തിരഞ്ഞെടുത്ത ഡാക്ടർ മാധവൻ വല്ല മീററിംഗിലും ഇതേവരെ ഹാജരായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ ഉദ്യോഗത്തിൽ ഐക്യസംസ്ഥാനത്തിലേക്കു വേണ്ടുന്ന വല്ല ഉപദേശങ്ങളും കൊടുപ്പിക്കാൻ സന്ദർഭം ലഭിച്ചിട്ടുണ്ടോ;

(സി) കൊല്ലം, ആലപ്പുഴ വഴിയായോ, കോട്ടയം വഴിയായോ റയിൽവേ എറണാകുളം തിരുവനന്തപുരം കൂട്ടിയോജിപ്പിക്കുന്ന കാര്യം ഉപദേശകസമിതിയിൽ വരികയുണ്ടായോ?

(ഡി) ഉണ്ടായെങ്കിൽ എന്താണു തീരുമാനമുണ്ടായതു്?

ചീഫ് മിനിസ്റ്റർ (ശ്രീ സി. കേശവൻ):

(എ) ൧൦—൯—൧൯൪൦, ൧൦—൯—൧൯൪൦, ൨൬—൧൨—൧൯൪൦ ഈ തീയ്യതികളിൽ നടന്ന റെയിൽവെ അഡൈവസറി ബോർഡു് മീററിംഗുകളിൽ അദ്ദേഹം ഹാജരായിട്ടുണ്ടായിരുന്നു.

(ബി) ഉണ്ടു്.

(സി) ൧൦—൯—൧൯൪൦-ൽ കൊല്ലം-എറണാകുളം റെയിൽവെ കൂട്ടിയോജിപ്പിക്കുന്ന കാര്യം ബോർഡു മീററിംഗിൽ വരികയുണ്ടായി.

(ഡി) അതിന്റെ സർവ്വെ നടത്തുന്നതിനുവേണ്ട എസ്റ്റിമേററ് ഇൻഡ്യാഗവൺമെന്റിനു് റയിൽവേക്കാർ അയച്ചിട്ടുണ്ടെന്നും അതു പാസായ ഉടനെ സർവ്വെ ആരംഭിക്കുന്നതാണെന്നും ബോർഡു പ്രെയർമാൻ കമ്മിററി അംഗങ്ങളെ അറിയിക്കുകയുണ്ടായി.

ശ്രീ ഇ പീ. പൗലോസ്: സർവ്വെ നടത്തുന്നതിലേയ്ക്കു എതു വഴിയാണു സഹകരിയ്ക്കുമെന്നു പ്രാരംഭനേപഷണങ്ങൾ നടത്തുന്നതിനായി ഒരുദ്യോഗസ്ഥൻ ഏതാനും മാസങ്ങൾക്കു മുമ്പു ഇവിടെ വന്നിരുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: വന്നിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ്: ആ ഉദ്യോഗസ്ഥനു് ഈ ഗവണ്മെൻറിൽനിന്നും വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഗവണ്മെൻറിൽനിന്നും യാതൊരു നിർദ്ദേശവും കൊടുത്തിട്ടില്ല.

ശ്രീ. കോന്നാനാത്തു കുഞ്ഞിരാമമേനോൻ: റെയിൽവേ ലൈൻ ഏതു വഴിയാണു പോകുന്നതെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അതു ഇൻഡ്യാ ഗവണ്മെൻറിൽനിന്നും റിപ്പോർട്ട് വന്നതിനു ശേഷമേ പറയാൻ നിവൃത്തിയുള്ളൂ.

ஸ்ரீ. எ. சிதம்பரநாத நாடார்: *எதாவது ஸ்கிம்கள், கம்மிற்றிகளில் மெம்பர்கள் எடுப்பது முதலியன இருந்தால், அவைகள் கொச்சிக்கும், வட திருவிதாங்கூருக்கும் மாத்திரந்தான். இதற்கு எதாவது பிரத்தியேகமான காரணங்களுண்டா?*

ശ്രീ. സി. വി. ഇയ്യു: കന്യാകുമാരിവരെ റയിൽവേ ലൈൻ നീട്ടുന്നതിനെപ്പറ്റി ഗവണ്മെൻറാലോചിക്കുവാൻ ദയവുണ്ടാകുമോ?

(No answer.)

ബോണസ്

*നു ാ ാ. (ചോ) ശ്രീ. പി. കെ. കുമാരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ടാൻസ്റ്റോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ടാൻസ്റ്റോട്ട് ജീവനക്കാർക്കു ബോണസ് കൊടുത്തുവരുന്ന പതിവുണ്ടോ? ഉണ്ടെങ്കിൽ എത്ര ശതമാനം?

(ബി) ജനകീയഭരണം ആരംഭിച്ചതിനു ശേഷം ഓരോ കൊല്ലവും കൊടുത്തിട്ടുള്ള ബോണസ്സിൻെറ അളവെത്ര എത്ര?

(സി) കഴിഞ്ഞകൊല്ലത്തെ (ാാഉ൫) ബോണസ്സു കൊടുത്തോ; ഇല്ലെങ്കിൽ കൊടുക്കാത്തതിനുള്ള കാരണം എന്തു്?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്. നാൺപെൻഷനബിൾ ജീവനക്കാർക്കു് ബോണസ് കൊടുത്തുവരുന്നുണ്ടു്. അറോദായത്തിൻെറ ഏഴരശതമാനം ഓരോരുത്തരുടേയും ശമ്പളത്തിൻെറ അടിസ്ഥാനത്തിൽ വീതിച്ചുകൊടുക്കും.

(ബി) ാാഉ൪-ലെ ബോണസ് ാ,൭൫,൫൦൦ രൂപാ ാണ്ടായിരുന്നു. ാാഉ൬-ലെ ബോണസ് ാ,൫൫,൭൫൦ രൂ. ാണ്ടു്.

(സി) ഇല്ല: കണക്കുകൾ ശരിപ്പെട്ടു വരുന്നതേ ഉള്ളൂ.

ശ്രീ. പി. കെ. കുമാരനാചാരി: ാാഉ൫ കഴിഞ്ഞിട്ടു് ആറേഴു മാസമായിട്ടും കണക്കുകൾ ശരിപ്പെട്ടു വരുന്നതേ ഉള്ളൂ എന്നു പറയുന്നതു ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആഡിറ്റു നടക്കുന്നതേയുള്ളൂ. അതുകൊണ്ടാണു ഞാൻ പറഞ്ഞതു്.

ശ്രീ. പി. കെ. കുമാരനാചാരി: ഈ രാജ്യത്തെ മികച്ചവ്യവസായസ്ഥാപനങ്ങളിലും ാാഉ൫-ലെ ബോണസ് തൊഴിലാളികൾക്കു് കൊടുത്തിരിക്കുന്ന സ്ഥിതിക്കു് ടാൻസ്റ്റോട്ടിലെ തൊഴിലാളികൾക്കു മാത്രം ബോണസ് കൊടുക്കാതിരിക്കുന്നതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly